(ബി) ഇതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിക്കാൻ ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട് എന്ന് വിശദമാക്കുമോ ;

(സി) ഇവിടത്തെ പരിസ്ഥിതി പഠനത്തിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഇതുമായി ബന്ധപ്പെട്ട പരിസ്ഥിതിപഠനം നടത്തുന്നതിന് ഇനിയും കുറഞ്ഞത് എത്ര സീസണിലായി എത്ര മാസം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഇ) ഇവിടത്തെ റോഡ് , റെയിൽ എന്നിവയുടെ നിർമ്മാണം സംബന്ധിച്ച പരിസ്ഥിതി പഠനം പൂർത്തിയായിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇനിയും എന്തു സമയം വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആരംഭിക്കാനാകും.

(ബി) ToR പ്രകാരമുള്ള പഠനം പൂർത്തിയാകേണ്ടതുണ്ട്. പരിസ്ഥിതി പഠനം നടത്തുന്നതിനുള്ള കേന്ദ്ര പരിസ്ഥിതി കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) റോഡ്/റെയിൽ എന്നിവയുടെ പഠനം L&T Ramboll വഴിയും പോർട്ടിന്റെ പഠനം International Finance Corporation വഴിയും നടത്തിവരുന്നു.

(ഡി) ഇനിയും രണ്ട് സീസണുകളിലായി പഠനം പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പൂർത്തിയായിട്ടില്ല.

(എഫ്) 6-7 മാസം വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം

147 (161) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി സമിതി യോഗം എന്തു തീരുമാനം കൈക്കൊണ്ടിട്ടുണ്ടായിരുന്നു എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും എന്തൊക്കെ വിവരങ്ങൾ ലഭ്യമാക്കണമെന്നാണാവശ്യപ്പെട്ടിരുന്നത് ;

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ&ബി) പാരിസ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1&ToR അംഗീകരിച്ചിട്ടുണ്ട്. പഠനം പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതിനാണ്.

(സി) അംഗീകാരത്തിനായി നിലവിലെ വ്യവസ്ഥകൾ പ്രകാരം Form 1&TOOR-ലും ആവശ്യപ്പെട്ട വിവരം ഉൾപ്പെടുത്തിയാണ് സമർപ്പിച്ചിരിക്കുന്നത്.

(ഡി) ടെൻഡർ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

148 (162) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതിവകുപ്പിന്റെ പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് കിട്ടിയ പ്രകാരം ഈ പ്രദേശത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുമെന്ന് വിശദമാക്കുമോ ;

(സി) വിഴിഞ്ഞം പദ്ധതി നിർമ്മാണ ടെൻഡർ നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ഡി) ഇതിന്റെ പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉത്തരവ് MoEF-ൽ നിന്നും ലഭ്യമായിട്ടില്ല. എന്നിരുന്നാലും പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള അംഗീകാരം കേന്ദ്ര പരിസ്ഥിതി വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ബി) TOOR പ്രകാരമുള്ള പഠനം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly